# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3097

20/12/2012 - ൽ
മറുപടിക്ക്

## എഫ്.സി.ഐ. ഗോഡൗണിൽ അരി കത്തിച്ചുകളയാനിടയായ സാഹചര്യം

ചോദ്യം

ശ്രീ. എസ്.ശർമ്മ
പ്രൊഫ.സി.രവീന്ദ്രനാഥ്
ശ്രീ. പി.റ്റി.എ.റഹീം
ശ്രീ. ആർ.രാജേഷ്

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്.
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി)

എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്. സി.ഐ. ഗോഡൗണുകളിൽ ടൺ കണക്കിന് അരി കത്തിച്ചു കളയാനിടയായ സാഹചര്യം അറിയാമോ;

(എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് എഫ്.സി.ഐ. ഗോഡൗണിൽ ഭക്ഷ്യധാന്യങ്ങളൊന്നും കത്തിച്ചു കളഞ്ഞിട്ടില്ല എന്ന് എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്.

ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ എത്ര ടൺ അരിയാണ് ഇവിടെ കത്തിച്ചുകളയുകയും കുഴിച്ചു മൂടുകയും ചെയ്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ ആറുമാസത്തിനിടയിൽ മുളങ്കുന്നത്തുകാവ് ഗോഡൗണിൽ ഭക്ഷ്യധാന്യങ്ങളൊന്നും തന്നെ കത്തിച്ചു കളഞ്ഞിട്ടില്ലായെന്നും ഭക്ഷ്യയോഗ്യമല്ലാത്ത 43 ചാക്ക് (1.594 MT) അരി എല്ലാ മാനദണ്ഡങ്ങളും, നടപടിക്രമങ്ങളും പാലിച്ചുകൊണ്ട് കൂട്ടിയിടുക മാത്രമാണ് ചെയ്തതെന്നും എഫ്.സി.ഐ. അറിയിച്ചിട്ടുണ്ട്.

സി) കേന്ദ്ര സർക്കാർ ഉത്തരവുണ്ടായിട്ടും അരി വിതരണം ചെയ്യാൻ സംസ്ഥാന സർക്കാർ നിർദ്ദേശമോ ഉത്തരവോ നൽകാത്തതിനാലാണ് അരി കെട്ടികിടക്കാനും നശിപ്പിച്ചു കളയാനും ഇടയായതെന്നത് ഗൗരവമായി കാണുന്നുണ്ടോ?

(സി) ഈ സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സാധാരണ നിരക്കിൽ അനുവദിച്ചിട്ടുള്ള മുഴുവൻ അരിയും സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ 2012 ഓണക്കാലത്ത് ഓ.എം.എസ്.എസ്. നിരക്കിൽ അനുവദിച്ച 60000 മെ.ടൺ അരി വിട്ടെടുക്കുന്നതിന് 31-01-2013 വരെ സമയം ദീർഘിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എഫ്.സി.ഐ.യുടെ ആകെ സംഭരണ ശേഷി 5.13 ലക്ഷം മെ.ടണ്ണാണ്. ഒരു മാസം ഏകദേശം 1 ലക്ഷം ടണ്ണിലധികം ഭക്ഷ്യധാന്യങ്ങൾ (സ്പ്ലൈകോയിൽ നിന്ന് വിട്ടെടുക്കുന്ന കുത്തരി ഒഴിവാക്കിയാൽ) പി.ഡി.എസ്. മുഖേന വിട്ടെടുക്കുന്നുണ്ട്. സംഭരണശേഷിയും വിട്ടെടുക്കുന്ന അളവും നോക്കിയാൽ 5 മാസത്തിലധികം ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കേണ്ട സാഹചര്യം വരുന്നില്ല. ആയതിനാൽ സംസ്ഥാനസർക്കാരിന്റെ തകരാറുമൂലമാണ് ഭക്ഷ്യധാന്യങ്ങൾ കേടാകാൻ ഇടയായത് എന്നത് വാസ്തവമല്ല. എഫ്.സി.ഐ.യിൽ നിന്ന് FIFO അടിസ്ഥാനത്തിലാണ് ഭക്ഷ്യ

ധാന്യങ്ങൾ വിതരണം ചെയ്യുന്നത്. 10/04/2010 മുതൽ റെയിൽ മാർഗ്ഗം നനഞ്ഞുകുതിർന്ന് എഫ്.സി.ഐ. ഡിപ്പോകളിൽ എത്തിപ്പെട്ട അരിയാണ് ഇപ്രകാരം നശിക്കാനിടയായത് എന്ന് എഫ്.സി.ഐ. ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ